**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3357** **13-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പുരാവസ്തു വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങളോ വസ്തുക്കളോ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ കേരള പുരാവസ്തു വകുപ്പിന് താഴെപ്പറയുന്ന പതിമൂന്നു സംരക്ഷിത സ്മാരകങ്ങൾ ആണ് നിലവിൽ ഉള്ളത്.<br><br>1) ശ്രീ കുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, മുതവഴി, ആലപ്പുഴ<br><br>2)ശ്രീ നരസിംഹമൂർത്തി ക്ഷേത്രം ചാത്തൻകുളങ്ങര<br><br>3) കൃഷ്ണപുരം പാലസ്, കൃഷ്ണപുരം, ആലപ്പുഴ<br><br>4) ശ്രീ കാർത്യായനി ക്ഷേത്രം, കുട്ടംപേരൂർ, ആലപ്പുഴ<br><br>5) വാരനാട് നടുവിലെ കോവിലകം, ചേർത്തല, ആലപ്പുഴ<br><br>6) സെന്റ് റാഫേൽ പള്ളി, എഴുപുന്ന, ആലപ്പുഴ<br><br>7) തൃക്കുരട്ടി ശ്രീ മഹാദേവ ക്ഷേത്രം, മാന്നാർ, ആലപ്പുഴ<br><br>8) ബുദ്ധ പ്രതിമ, കരുമാടി, ആലപ്പുഴ<br><br>9) ബുദ്ധ പ്രതിമ, മാവേലിക്കര<br><br>10) ബുദ്ധ പ്രതിമ, ഭരണിക്കാവ്<br><br>11) ബുദ്ധ പ്രതിമ, കൃഷ്ണപുരം, കായംകുളം<br><br>12) ഇട്ടി അച്യുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും, കടക്കരപ്പള്ളി<br><br>13) കടക്കരപ്പള്ളി പായ്ക്കപ്പൽ, കടക്കരപ്പള്ളി<br><br>മേൽപ്പറഞ്ഞവ കൂടാതെ തകഴി ശിവശങ്കരപ്പിള്ളയുടെ ഭവനവും പുരാവസ്തു വകുപ്പിന്റെ കൈവശമാണ്. |
| (ബി) | ഇവയുടെ പരിപാലനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | സംരക്ഷിത സ്മാരകങ്ങളായ സ്ഥാപനങ്ങളുടെയും, വസ്തുക്കളുടെയും പരിശോധന വകുപ്പിലെ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിഭാഗം ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ നിർവ്വഹിക്കുകയും പരിശോധനയിലും അല്ലാതെയും ശ്രദ്ധയിൽപ്പെടുന്ന ജീർണ്ണതകൾ പരിഹരിക്കുന്നതിന് ആവശ്യമാകുന്നപക്ഷം ഘടനാസംരക്ഷണ, രാസസംരക്ഷണ ജോലികൾ നിർവ്വഹിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ